ശ്രീ. ഇ. പി. പൗലോസ് : രാജോചിതമായ സൗകര്യം കിട്ടാത്തതു കൊണ്ട് അങ്ങനെയൊന്നും ചെയ്തതായി അറിവില്ല. എന്തായാലും അവരുടെ ഹിതത്തിനു വിപരീതമായി മാറ്റുന്നതിന് ബഹുമാനപ്പെട്ട മെമ്പർ നിവേദനം നടത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ടൂറിസ്റ്റ് സെന്ററുകൾ

*954. [17] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതിയ ടൂറിസ്റ്റ് സെന്ററുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാലടിയിലും മലയാറ്റൂരിലും അനുവദിക്കാൻ ഉദ്ദേശിച്ചിരുന്ന ടൂറിസ്റ്റ് സെന്ററുകളുടെ പണി എന്നാരംഭിക്കുവാനാണുദ്ദേശിക്കുന്നത്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ഇല്ല.

(ബി) കാലടിയുടേയും, മലയാറ്റൂരിന്റേയും ആവശ്യത്തിലേക്കായി ടൂറിസ്റ്റ് ബംഗ്ലാവു നിർമ്മിക്കുന്ന കാര്യം 4-ാം പഞ്ചവത്സരപദ്ധതിക്കാലത്തു പരിഗണനയ്ക്കായി മാറ്റി വച്ചിരിക്കുകയാണ്.

പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ കുറഞ്ഞ ശമ്പളം.

*955. [18] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ എൻ. എം. ആർ. ജോലിക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണ് ;

(ബി) എൻ. എം. ആർ. ജോലിക്കാരുടെ മിനിമം വേജസ് ഏറ്റവും ഒടുവിലായി നിശ്ചയിച്ചതെന്നാണ് ;

(സി) പൊതുമരാമത്തുവകുപ്പിലെ റോഡ്സ് കെട്ടിടവും വിഭാഗത്തിലെ എൻ. എം. ആർ. തൊഴിലാളികൾക്ക് നൽകുന്ന ക്ഷേമനിരക്ക് ഇറിഗേഷനും, പ്രോജക്റ്റും വിഭാഗത്തിലുള്ള എൻ. എം. ആർ. കാർക്ക് നൽകുന്നില്ലെന്ന പരാതിയുണ്ടായിട്ടുണ്ടോ ;

(ഡി) അങ്ങനെ വ്യത്യസ്തക്ഷേമനിരക്കുണ്ടെങ്കിൽ അതിനു കാരണമെന്ത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) മിനിമം വേജസ് നോട്ടിഫിക്കേഷൻ അനുസരിച്ച് റോഡു നിർമ്മാണം, റോഡു നന്നാക്കൽ, കെട്ടിട നിർമ്മാണം, പാറപൊടിക്കൽ, പാറപൊട്ടിക്കൽ എന്നീ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു നിശ്ചയിച്ചിട്ടുള്ള നിരക്കിലും, അല്ലാത്തവർക്ക്

പുരുഷന്മാർ — 1—87 രൂപാ.
സ്ത്രീകൾ — 1—35 :
ആൺകുട്ടികൾ— 1—06 : എന്നീ നിരക്കിലും ശമ്പളം കൊടുത്തുവരുന്നു.

(ബി) 1-1-1963 മുതൽ പ്രാബല്യം വരത്തക്കവണ്ണം 22-6-1963-ൽ ഉത്തരവു പുറപ്പെടുവിച്ചു.

(സി) ചില വിഭാഗക്കാർക്ക് മിനിമം വേജസ് നോട്ടിഫിക്കേഷനിലെ നിരക്കനുസരിച്ച് വേതനം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്.

(ഡി) മിനിമം വേജസ് ഉപദേശക കമ്മിറ്റിയുടെ അന്വേഷണ പരിധിയിൽ എല്ലാത്തരം ജോലികളും ഉൾപ്പെട്ടിരുന്നില്ല. റോഡു നിർമ്മാണം,

LIBRARY ARCHIVES Kerala Legislative Assembly